# TKMMUP SCHOOL VADACKAL

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026



# സ്കൂളിനെക്കുറിച്ച്

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴതാതലൂക്കിലെ ആലപ്പുഴ പട്ടണത്തിൽ പ്രവർത്തിക്കുന്ന അപ്പർ പ്രൈമറി വിദ്യാലയമാണ് ശ്രീ.റ്റി.കെ.മാധവ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ വാടയ്ക്കൽ.ഇത് എയ്ഡഡ് വിദ്യാലയമാണ്.

# ചരിത്രം

ശ്രീനാരായണ ഗുരു ആത്മീയ പ്രബോധനങ്ങളുമായി ഗ്രാമങ്ങൾ സന്ദർശിച്ചു വന്ന ഘട്ടത്തിൽ ഈ പ്രദേശത്തും എത്തിയിരുന്നു.അന്ന് ഗുരുദർശനം തേടി എത്തിയവരോട് ഇവിടെ ഒരു സരസ്വതി ക്ഷേത്രത്തിന് സ്ഥാനം കാണുന്നു എന്ന് ഗുരു ഉദ്ബോധിപ്പിച്ചു.ഈ ഉദ്ബോധനം കൈക്കൊണ്ടതിന്റെ ഫലമായി ഒരു കുടിപ്പള്ളിക്കൂടത്തിന് തുടക്കമായി.പിന്നീട് എസ്.എൻ.ഡി.പി.ശാഖയുടെ മേൽ നോട്ടത്തിൽ പ്രാഥമിക വിദ്യാലയമായി അത് മാറുകയായിരുന്നു.അന്നത്തെ എസ്.എൻ.ഡി.പി. ശാഖായോഗത്തിന്റെ പ്രസിഡന്റായിരുന്ന പത്മവിലാസത്തിൽ പി.എൻ. രവീന്ദ്രനാഥിന്റെ .

അമ്മ ശ്രീമതി കല്യാണിക്കുട്ടി സംഭാവനയായി നൽകിയ സ്ഥലത്തേയ്ക്ക് സ്ക്കൂളിന്റെ പ്രവർത്തനം മാറ്റി.പിന്നെയും പതിറ്റാണ്ടുകൾക്ക് ശേഷമാണ് ഇതിന് ഒരു എയ്ഡഡ് വിദ്യാലയം എന്ന പദവി ലഭിച്ചത്.ഈ പദവി ലഭിച്ച ഘട്ടത്തിലാണ് നവോത്ഥാനമുന്നേറ്റത്തിലെ മുൻനിരപ്പോരാളിയും വൈക്കം സത്യാഗ്രഹ നായകനും കർമധീരനുമായ ശ്രീ.റ്റി.കെ.മാധവന്റെ സ്മരണയ്ക്കായി റ്റി.കെ.മാധവ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ എന്ന് സ്കൂളിന് നാമകരണം ചെയ്തത്.

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ നഗരസഭ പരിധിയിൽ കുതിരപ്പന്തി വാർഡിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. എസ്.എൻ.ഡി.പി അമ്പലപ്പുഴ താലൂക്ക് യൂണിയന് കീഴിലെ 398 ശാഖയുടെ നിയന്ത്രണത്തിലാണ് സ്കൂൾ പ്രവർത്തിച്ച് വരുന്നത്. 1986 ൽ ആലപ്പുഴ ബൈപ്പാസിനുവേണ്ടി സ്ക്കൂൾ നിന്ന സ്ഥലം ഏറ്റെടുത്തപ്പോൾ എസ്.എൻ.ഡി.പി.398-ാം നമ്പർ ശാഖായോഗത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് സ്ക്കൂൾ അങ്ങോട്ട് മാറ്റി. ആദ്യകാലത്ത് കെട്ടിടങ്ങളുടെ കുറവ് മൂലം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ക്ലാസ്സ് നടന്നിരുന്നത്. പിന്നീട് ഉദാരമതികളായ വ്യക്തികളുടെയും എസ്. എൻ.ഡി.പി. യുടെയും നേതൃത്വത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയായപ്പോൾ ഷിഫ്റ്റ് സമ്പ്രദായം മാറി. തുടക്കത്തിൽ നാല് ഡിവിഷനുകളുള്ള എൽ.പി. ക്ലാസുകളാണ് ഉണ്ടായിരുന്നത്. ക്രമേണ യു,പി. സ്ക്കൂളും ആരംഭിച്ചു.

# സ്കൂൾ പ്രൊഫൈൽ

| വിലാസം | |
|---|---|
| ആലപ്പുഴ തിരുവാമ്പാടി പി.ഒ. , 688002, ആലപ്പുഴ ജില്ല | |
| സ്ഥാപിതം | 21-10-1957 |
| **വിവരങ്ങൾ** | |
| ഫോൺ | 04772266281 |
| ഇമെയിൽ | 35235tkmmupsalpy@gmail.com |
| **കോഡുകൾ** | |
| സ്കൂൾ കോഡ് | 35235 (സമേതം) |
| യുഡൈസ് കോഡ് | 32110100808 |
| വിക്കിഡാറ്റ | Q87478219 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| റവന്യൂ ജില്ല | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | ആലപ്പുഴ |
| ഉപജില്ല | ആലപ്പുഴ |
| **ഭരണസംവിധാനം** | |
| ലോകസഭാമണ്ഡലം | ആലപ്പുഴ |
| നിയമസഭാമണ്ഡലം | അമ്പലപ്പുഴ |
| താലൂക്ക് | അമ്പലപ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് | അമ്പലപ്പുഴ |
| തദ്ദേശസ്വയംഭരണസ്ഥാപനം | ആലപ്പുഴ മുനിസിപ്പാലിറ്റി |
| വാർഡ് | 39 |
| **സ്കൂൾ ഭരണ വിഭാഗം** | |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പ്രൈമറി |
| പഠന വിഭാഗങ്ങൾ | എൽ.പി |

| | |
|---|---|
| | യു.പി |
| **സ്കൂൾ തലം** | 1 മുതൽ 7 വരെ |
| **മാദ്ധ്യമം** | മലയാളം, ഇംഗ്ലീഷ് |
| സ്ഥിതിവിവരക്കണക്ക് | |
| **ആൺകുട്ടികൾ** | 66 |
| **പെൺകുട്ടികൾ** | 47 |
| **ആകെ വിദ്യാർത്ഥികൾ** | 113 |
| **അദ്ധ്യാപകർ** | **8** |
| സ്കൂൾ നേതൃത്വം | |
| പ്രധാന അദ്ധ്യാപിക | ശ്രീമതി രശ്മി എസ്സ് |
| പി.ടി.എ. പ്രസിഡണ്ട് | ശ്രീ അശോകൻ |
| എം.പി.ടി.എ. പ്രസിഡണ്ട് | ശ്രീമതി ഫൈറൂസ |

# അധ്യാപകരും ക്ലബ് ചുമതലകളും

| അധ്യാപകന്റെ പേര് | ക്ലബ് ചുമതല |
|---|---|
| ശ്രീമതി രശ്മി എസ്സ് | ലൈബ്രറി |
| ശ്രീമതി സജിത | ഹിന്ദി ക്ലബ് |
| ശ്രീമതി സീന | പരിസ്ഥിതി ക്ലബ് |
| ശ്രീമതി പ്രീതി | മലയാളം ക്ലബ് |
| ശ്രീമതി ജയശ്രീ | ഇംഗ്ലീഷ് ലാബ് |
| ശ്രീ അരുൺ കുമാർ | ഗണിത ക്ലബ് |
| ശ്രീമതി ജിഷ ഷൺമുഖൻ | സംസ്കൃതം ക്ലബ്<br>പ്രവൃത്തിപരിചയ മേള ക്ലബ് |
| ശ്രീമതി ഫൈസിയ | ഹെൽത്ത് ക്ലബ് |

# ആമുഖം

ആലപ്പുഴ ജില്ലയിൽ, അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ പടിഞ്ഞാറു വില്ലേജിൽ, കളർകോട് ബൈപ്പാസിനോടുചേർന്നു "കുതിരപ്പന്തി" ഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു സരസ്വതിക്ഷേത്രമാണ്. ശ്രീ.ടി.കെ.മാധവ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ (ശ്രീ. ടി .കെ. എം. എം. യു. പി. സ്കൂൾ) 1958- ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. കുതിരപ്പന്തിയുടെ ഹൃദയഭാഗത്തായിരുന്ന ഈ വിദ്യാലയം ആലപ്പുഴ ബൈപ്പാസിനായി സ്ഥലമെടുത്തപ്പോൾരണ്ടായിവിഭജിക്കപ്പെട്ടു.അങ്ങനെസ്കൂൾകിഴക്കുഭാഗത്തു എസ്.എൻ.ഡി.പി ശാഖായോഗം ഓഫിസിനോട് ചേർന്നുള്ള സ്ഥലത്തു മാറ്റി സ്ഥാപിക്കപ്പെട്ടു.

സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന് കുതിരപ്പന്തി എന്ന പേര് വരാൻ ചരിത്രപരമായ ഒരു കാരണമുണ്ട്. ചെമ്പകശ്ശേരി രാജാവിന്റെ ഭരണ കാലത്തു രാജ്യസൈന്യത്തിന്റെ കുതിരയെ കെട്ടാനും അതിന് തീറ്റ കൊടുക്കാനുമുള്ള പ്രദേശമായിരുന്നു ഇത് . കുതിരയെ കെട്ടാനുള്ള സ്ഥലം (പന്തി) ആണ് പിന്നീട് കുതിരപ്പന്തി എന്ന പേരിലറിയപ്പെട്ടു തുടങ്ങിയതെന്നാണ് ഐതിഹ്യം.

വിദ്യാഭ്യാസ അവകാശനിയമമനുസരിച്ചു മുഴുവൻ കുട്ടികൾക്കും സമ്പൂർണവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസംപകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ അധ്യാപകരും രക്ഷിതാക്കളും മാനേജ്മെന്റും ഒത്തൊരുമയോടെ പ്രവർത്തിച്ചുവരുന്നതിനാൽ പാഠ്യ- പാഠ്യേതര വിഷയങ്ങളിൽ സ്കൂളിലെ കുട്ടികൾ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നു.സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ഇവിടുത്തെ വിദ്യാർത്ഥികളിൽഭൂരിഭാഗവുംകയർതൊഴിലാളികളുടെയും,കൂലിപ്പണിക്കാരുടെമത്സ്യത്തൊഴിലാളികളുടെയും,മക്കളാണ് അവരുടെ പരാധീനതകൾ പരമാവധി ഉൾക്കൊണ്ടുകൊണ്ട് ഏറ്റവും ഗുണനിലവാരമുള്ള മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുകയും അവരെ കൈപിടിച്ചുയർത്തി സമൂഹത്തിന്റെ ഉന്നതങ്ങളിൽ എത്തിക്കുകയും ചെയ്യുന്നതിൽ സ്കൂളിലെ അധ്യാപകർ വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്

ഏറ്റവും മികച്ച അക്കാദമിക നിലവാരം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് രക്ഷിതാക്കൾക്കു തികഞ്ഞ ബോധ്യമുണ്ട്. ഇക്കാര്യത്തിലുള്ള അവരുടെ അഭിപ്രായങ്ങൾ ക്ലാസ് പി.ടി.എ കളിലും പി.ടി.എ വാർഷികപൊതുയോഗങ്ങളിലുംഅവർപ്രകടിപ്പിക്കാറുമുണ്ട്. എന്നിരുന്നാലും വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം പ്രതിവർഷം കുറഞ്ഞു വരുന്ന കുട്ടികളുടെ എണ്ണം തന്നെയാണ്. Std I മുതൽ VII വരെ മാത്രമുള്ളതിനാൽ രക്ഷിതാക്കൾ പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള മറ്റു സ്കൂളുകളിൽ കുട്ടികളെ ചേർക്കാൻ താത്പര്യപ്പെടുന്നു. അതുപോലെ തന്നെ ഞങ്ങളുടെ സ്കൂൾ ധാടിയിലും മോടിയിലും വേണ്ടത്ര ആകർഷകമല്ല എന്നുള്ളതും മറ്റൊരു കാരണമാണ് . സ്കൂളിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലായി ഏകദേശം പത്തോളം എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതും കുട്ടികളുടെ എണ്ണം കുറയുന്നതിനുള്ള മറ്റൊരു കാരണമായി തോന്നിയിട്ടുണ്ട്.അതോടൊപ്പം സ്കൂളിന് സ്വന്തമായി ഒരു വാഹനമില്ല.എയ്ഡഡ് സ്കൂൾ ആയതിനാൽ സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കാറില്ല എന്നതും വസ്തുതയാണ്. മേൽപ്പറഞ്ഞ കാരണങ്ങളെല്ലാം സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നതിന് ഇടയാക്കി.

ഇന്നത്തെ രക്ഷിതാക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനേക്കാൾ പ്രാധാന്യം ആകർഷണീയതയാണെന്നുള്ളത് ഒരു ദുഃഖ സത്യമാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ വികസന സമിതി രൂപീകൃതമായെങ്കിലും രാഷ്ട്രീയ സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ സമിതിയുടെ പ്രവർത്തനം വേണ്ടത്ര ആശാവഹമല്ല എന്നതും അധ്യാപകരെ ആശങ്കാകുലരാക്കുന്നു.മേൽ പറഞ്ഞ പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് ഞങ്ങളുടെ വിദ്യാലയത്തെ ആലപ്പുഴ ജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നാക്കി മാറ്റുക എന്ന ഭഗീരഥ പ്രയത്നത്തിലാണ് ഞങ്ങൾ അധ്യാപകർ ഏർപ്പെട്ടിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

- കേരളത്തിന്റെ മാത്രം പ്രത്യേകതയാണ് മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം അതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്കും സൗജന്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതോടൊപ്പം സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നു.

- ഭൗതിക മികവിനോടൊപ്പം തന്നെ അക്കാദമിക മികവുകളും ആർജിക്കുന്നതിന്റെ ഭാഗമായി ഹ്രസ്വകാല ദീർഘകാലാടിസ്ഥാനത്തിൽ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.പ്രിപ്രൈമറിമുതൽപന്ത്രണ്ടാംക്ലാസ്സുവരെഓരോക്ലാസ്അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലുംപാഠ്യപദ്ധതിക്കനുസൃതമായിനേടേണ്ടശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്തുവാനും വികസിപ്പിക്കുവാനും ആവശ്യമായ രീതിയിൽ അധ്യാപനവും അധ്യയനവും രസകരമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളുടെ രൂപപ്പെടുത്തൽ.

# വിദ്യാലയത്തിന്റെ ചരിത്രം

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ നഗരസഭ പരിധിയിൽ കുതിരപ്പന്തി വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ശ്രീ. ടി. കെ. മാധവ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ ( ശ്രീ. ടി. കെ. എം. എം. യു. പി. സ്കൂൾ ) ഇരവുകാട്, കുതിരപ്പന്തി, മുല്ലാത്തുവളപ്പ്, വാടക്കൽ, ഗുരുമന്ദിരം, ബീച്ചുവാർഡ് എന്നിവ സ്കൂൾ പരിധിയിൽ ഉൾപ്പെടുന്ന നഗരസഭാ വാർഡുകളാണ്.

കുതിരപ്പന്തി പ്രദേശത്തു 'മാളികയിൽ' കുടുംബത്തിന്റെ വകയായി ഒരു ഭജനമഠം ( സുബ്രമണ്യ ക്ഷേത്രം ) ഉണ്ടായിരുന്നു. മണ്ഡല മഹോത്സവ കാലത്തു 41 കുടുംബങ്ങൾ അമ്പലമൈതാനത്തു കുടിൽകെട്ടി ഭജന ഇരിക്കുമായിരുന്നു. കാലാകാലങ്ങളിൽ ഉത്സവവും നടത്തിവന്നിരുന്നു. ഒരുനാൾ ക്ഷേത്രത്തിൽ പ്രതിഷ്ഠാമഹോത്സവം ഉദ്ഘാടനം ചെയ്യുന്നതിനായി എത്തിയ ശ്രീനാരായണഗുരു പ്രഭാഷണമധ്യേ ഇവിടെ ഒരു ക്ഷേത്രമല്ല വരേണ്ടത് പകരം ഒരു സരസ്വതി മന്ദിരമാണ് ഉണ്ടാക്കേണ്ടതെന്നു അരുൾ ചെയ്തു. കാലക്രമേണ ക്ഷേത്രത്തിന്റെ സ്ഥാനത്തു ഒരു പള്ളിക്കൂടം വരുകയും ഗുരുപ്രവചനം യാഥാർഥ്യമാവുകയും ചെയ്തു.

1958 - ൽ ആണ് ശ്രീ. ടി. കെ. എം. എം. യു. പി. സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. 1957 - ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. മന്ത്രിസഭയാണ് സ്കൂളിന് അംഗീകാരം നൽകിയത്.

സ്കൂൾ ഔദ്യോഗികമായി ആരംഭിക്കുന്നതിനു മുൻപ് ശ്രീമതി. ചന്ദ്രാഭായ് എസ്.എൻ.ഡി.പി ശാഖാ ഓഫീസിനോട് ചേർന്ന് രണ്ടര വർഷക്കാലം ഒരു കുടിപ്പള്ളിക്കൂടം നടത്തിവന്നിരുന്നു. പിന്നീട് എസ്.എൻ.ഡി.പി ശാഖായോഗം പ്രവർത്തകരും, പ്രദേശവാസികളും, അന്നത്തെ രാഷ്ട്രീയ - സാമൂഹ്യ പ്രവർത്തകരും മുൻകൈയെടുത്തു ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിനെക്കുറിച്ചു ആലോചിച്ചതിന്റെ ഭാഗമായി കുടുംബത്തിലെ കാരണവരായ N. K. പത്മനാഭൻ മുതലാളിയുടെ മകൻ P.രവീന്ദ്രനാഥിനെ അറിയിക്കുകയും സ്കൂൾ നിർമ്മിതിക്കാവിശ്യമായ സ്ഥലം ആവശ്യപ്പെടുകയും ചെയ്തു. ഈ ആവശ്യം പരിഗണിച്ചു അന്നത്തെ എസ്.എൻ.ഡി.പി ശാഖായോഗത്തിന്റെ പ്രസിഡന്റ്എന്ന നിലയിൽ ശ്രീ.പി. രവീന്ദ്രനാഥിന്റെ 'അമ്മ ശ്രീമതി. പാർവതിപദ്മനാഭന്റെ (കല്യാണിക്കുട്ടി ) പേരിലുള്ള ഒരു ഏക്കർ സ്ഥലവും അതേ കുടുംബത്തിൽപെട്ട

തേവലശേരി ഗൗരിയമ്മയുടെ പേരിലുള്ള 50 സെന്റ് സ്ഥലവും സ്കൂൾ നിർമ്മിതിക്ക് സൗജന്യമായി നൽകി.

അന്നത്തെ മുനിസിപ്പൽ ചെയർമാൻ ശ്രീ. T.V. തോമസായിരുന്നു. അദ്ദേഹം ഡെവലപ്മെന്റ് സ്കീമിൽപ്പെടുത്തി സ്കൂൾ കെട്ടിടം നിർമിക്കുന്നതിനുള്ള അനുമതി നൽകുകയും അന്നത്തെ MLA ആയിരുന്ന ശ്രീ. R. സുഗതൻ, അഡ്വ.ശ്രീ.എം ആറാട്ടുപുഴ ഉസ്മാൻ, എസ്.എൻ.ഡി.പി ശാഖായോഗം പ്രവർത്തകർ എന്നിവരുടെ ശ്രമഫലമായി ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ സ്കൂൾ നടത്തുന്നതിനുള്ള അംഗീകാരം നൽകുകയും ചെയ്തു.

സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ചു ആലോചിച്ച പ്രവർത്തകസംഘം അന്നത്തെ വ്യവസായ പ്രമുഖനായിരുന്ന വീരയ്യ റെഡ്യാരെ കാണുകയും സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. തൽഫലമായി അദേഹം കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചതോടൊപ്പം കെട്ടിട നിർമാണത്തിന്റെ ആവശ്യത്തിലേക്കായി സാമ്പത്തിക സഹായം ചെയ്യുകയുമുണ്ടായി. പിന്നീട് ഒരു ഹൈസ്കൂൾ തുടങ്ങുന്നതിനെക്കുറിച്ചു ആലോചിക്കുകയും അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ആർ. ശങ്കറിനെ കണ്ട് നിവേദനം കൊടുക്കുന്നതിനും തീരുമാനിച്ചു. എന്നാൽ നിർഭാഗ്യവശാൽ അപേക്ഷ നല്കാൻ താമസിച്ചതിനാലും, അനുവദിച്ച സ്കൂളുകളുടെ പട്ടിക പ്രസിദ്ധീകരിച്ചു പോയതിനാലും,

തൊട്ടടുത്തുതന്നെ സെ: മേരിസ് H.S വട്ടയാൽ എന്ന ഹൈസ്കൂൾ നിലവിൽ ഉള്ളതിനാലും ദൂരപരിധി ചൂണ്ടിക്കാട്ടി നമ്മുടെ അപേക്ഷ നിരസിക്കുകയും പകരം ഒരു യു. പി.സ്കൂൾ അനുവദിക്കുകയും ചെയ്തു.

യു.പി.സ്കൂൾ ആരംഭിച്ചു ഏഴാംനാൾ പ്രകൃതിക്ഷോഭം മൂലം സ്കൂൾ കെട്ടിടത്തിന്റെ ഒരുഭാഗം തകരുകയും ഒരാഴ്ചക്കുള്ളിൽ പഠനം ആരംഭിച്ചില്ലെങ്കിൽ സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെട്ടുവെന്നു വിദ്യാഭ്യാസ അധികൃതർ അറിയിക്കുകയുംചെയ്തതിന്റെ അടിസ്ഥാനത്തിൽ എസ്.എൻ.ഡി.പി ശാഖായോഗം മാനേജിങ് കമ്മറ്റി അംഗമായിരുന്ന കറുകയിൽ ഗോപാലൻ തന്റെ കയർ ഫാക്ടറിയിൽ സ്കൂൾ നടത്തുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. അതിനെ തുടർന്ന് കയർ ഫാക്ടറിയിലെ തറികളും മറ്റ്സാമഗ്രികളും പൊളിച്ചു മാറ്റി സ്കൂൾ പ്രവർത്തന യോഗ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കിനൽകി. അദ്ദേഹത്തിന്റെ ത്യാഗോജ്വലമായ പ്രവർത്തനഫലമാണ് അംഗീകാരം നഷ്ടപ്പെടാതെ

ഇന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്ന നമ്മുടെ ഈ സ്കൂളിന്റെ നിലനിൽപ്പിനാധാരം എന്നുള്ളത് സ്മരണീയമാണ്.

അതിനുശേഷം 1970- ഓടുകൂടി ബൈപാസിനായി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി സർവ്വേ നടന്നു ആദ്യം ഷണ്മുഖ വിലാസം ഭജനശാല നിന്നിരുന്ന സ്ഥലത്തുകൂടി അളവുനടത്തുകയും അവിടെ ഭജനമഠം/അമ്പലമുള്ളതിനാൽ സ്കൂൾ കെട്ടിടം നിൽക്കുന്ന ഭാഗത്തേയ്ക്ക് ഹൈവേയുടെ അലയമെന്റ് മാറ്റുകയും ചെയ്തതിന്റെ ഭാഗമായി സ്കൂൾ കെട്ടിടം നിൽക്കുന്ന സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നു ഉദ്യോഗസ്ഥർ മാനേജ്മെന്റെ അറിയിക്കുകയും ചെയ്തു.

പ്രദേശവാസികളും മറ്റു രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും എതിർപ്പ് പ്രകടിപ്പിച്ചിട്ടും ബന്ധപെട്ട ആൾക്കാരോ ജനപ്രധിനിധികളോ വേണ്ടത്ര ശ്രദ്ധ കൊടുക്കാത്തതിനാൽ ആ നടപടിക്ക് മാറ്റം വരുത്താൻ സാധിച്ചില്ല.1970 -ൽ സ്കൂൾ പൊളിച്ചു മാറ്റുന്നതിനുള്ള നോട്ടിഫിക്കേഷൻ വരുകയും 1974 -ൽ എസ്.എൻ.ഡി.പി ആഫീസിനോട് ചേർന്നുള്ള സ്ഥലത്തേയ്ക്ക് കെട്ടിടം മാറ്റി സ്ഥാപിക്കുകയും ചെയ്തു. അന്നത്തെ റവന്യൂ മന്ത്രി ആയിരുന്ന പി.എസ്.ശ്രീനിവാസൻ ഇടപെട്ടു സ്കൂൾ കെട്ടിടത്തിന്റെ പൊളിച്ച സാധന സാമഗ്രികൾ യാതൊരു പ്രതിഫലവും വാങ്ങാതെ സ്കൂൾ മാനേജ്മെന്റ്_സംഭാവന ചെയുകയും ചെയ്തു. അതെല്ലാം ഉപയോഗപെടുത്തിയാണ് നിലവിലെ സ്കൂൾ കെട്ടിടം ഇപ്പോൾ കാര്യക്ഷമമായി പ്രവൃത്തിക്കുന്നത്.

രാഷ്ട്രീയ -സാമൂഹ്യ രംഗങ്ങളിൽ നിറസാന്നിധ്യമായ, ജീവിതത്തിന്റെ നാനാതുറകളിൽ വിജയം നേടിയ പല പ്രമുഖരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണെന്നതിൽ നമുക്ക് അഭിമാനിക്കാം. ഇന്ത്യൻ ഓവർസീസ് ബാങ്ക് റിട്ടയേഡ്.മാനേജർ ശ്രീ. വി. ചന്ദ്രൻ, കനാറാ ബാങ്ക് റിട്ടയേർഡ് സീനിയർ മാനേജർ ശ്രീ.വിശ്വംഭരൻ, പ്രശസ്ത ടി.വി.സീരിയൽ നാടകനടൻ ശ്രീ.സുന്ദരൻ. കുറുപ്പശ്ശേരി ഡോ:എബി, കൗൺസിലർമാരായ ശ്രീമതി.എം.എസ്.ശ്രീകല, ശ്രീമതി.റഷീദാഅലികുഞ്ഞു ശ്രീമതി.സുരണ്യരാധാകൃഷ്ണൻ എന്നിവരും. സ്കൂൾ മാനേജർ എം.എസ്. സുരേഷ്, പി.ടി.എ. പ്രസിഡ ശ്രീ.പി. മഹേഷ്കുമാർ മുൻ മാനേജർ ശ്രീ.എം.വി. ദേവദാസ് തുടങ്ങിയ ഒട്ടേറെ പ്രമുഖർ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ് കൂടാതെ സർക്കാരിന്റെ

വിവിധ വകുപ്പുകളിലായി ഒട്ടേറെ ഉന്നത തസ്തികകളിൽ ജോലി ചെയ്യുന്ന പല പ്രമുഖരും ഈ സ്കൂളിൽ പഠിച്ചവരാണെന്നുള്ളത് അഭിമാനാർഹമാണ്.

വിദ്യഭ്യാസ രംഗത്ത് അതാതു കാലത്തുണ്ടായ മാറ്റങ്ങളെ പൂർണമായും ഉൾക്കൊണ്ടുകൊണ്ട് പാഠ്യ-പാഠ്യേതര മേഖലയിലും ഈ സ്കൂൾ എന്നും മികച്ച പ്രകടനം കാഴ്ച വച്ചുവരുന്നു. SSA യുടെയും DPI യുടെയും സമഗ്രമായ ആസൂത്രണം അക്കാദമിക രംഗത്ത് വലിയ മാറ്റം സൃഷ്ടിച്ചു എന്നുള്ളത് സന്തോഷകരമാണ്. സ്കൂൾ മാനേജ്മെ, SSG,SRG,PTA,MPTA, എന്നിവയുടെയെല്ലാം കാര്യക്ഷമമായ പ്രവർത്തനം, പരിശീലനം നേടിയ അധ്യാപകരുടെ പ്രവർത്തനം, എന്നിവയെല്ലാം കൂട്ടിചേർത്തു സമഗ്രമായ പുരോഗതിയാണ് സ്കൂൾ നേടിക്കൊണ്ടിരിക്കുന്നത് . സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സമ്പൂർണവും, സൗജന്യവും, ഗുണമേന്മയുമുള്ള വിദ്യാഭ്യാസം നൽകുക എന്ന വിദ്യാഭ്യാസാവകാശ നിയമത്തിന്റെ ഭാഗമായി പാഠപുസ്തകം, യൂണിഫോം, പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം എന്നിവ സൗജന്യമായി നൽകിവരുന്നു.SSA യുടെ സ്കൂൾ ഗ്രാന്റായി എല്ലാവർഷവും ലഭിക്കുന്ന 12000/- ടീച്ചേഴ്സിന്റെ ഗ്രാന്റായി ലഭിക്കുന്ന 5000/- വീതം തുകകൾ സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസിലാക്കി കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഗവണ്മെ എയ്ഡഡ് സ്കൂളുകളിലേക്ക് ആകർഷിക്കത്തക്കരീതിയിലുള്ള വികസന പ്രവർത്തനങ്ങൾ(പൊതുവിദ്യാലയ സംരക്ഷണ യജ്ഞം) സംസ്ഥാനത്തുടനീളം നടക്കുന്ന ഈ അവസരത്തിൽ സ്കൂൾ മാനേജ്മെന്റിനെയും , PTA, MPTA, SSG, OSA, ഗ്രൂപ്പുകളുടെയും ജനപ്രതിനിധികളുടെയും, നഗരസഭയുടെയും, മറ്റും വലിയ പിന്തുണ സ്കൂളിന് ലഭിക്കുന്നുണ്ടെന്നുള്ളത് ആശാവഹമാണ്, എന്നിരുന്നാലും സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്ന മുഴുവൻ പരിഗണനയും എയ്ഡഡ് സ്കൂളുകൾക്കും ലഭിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. ആ നല്ല നാളേക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്നു ഞങ്ങൾ .

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- "വിദ്യകൊണ്ട് പ്രബുദ്ധരാവുക സംഘടനകൊണ്ട് ശക്തരാകുക" എന്ന ഗുരുദേവ വചനങ്ങളോടൊപ്പം "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും "വിദ്യാഭ്യാസംസ്വാതന്ത്ര്യത്തിനായുള്ളസാംസ്കാരികപ്രവർത്തനമാണ്" എന്ന പൗലോഫ്രെയരുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.

- പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പക്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാലയ അന്തരിക്ഷം സൃഷ്ടിക്കൽ.

- ഓരോ ക്ലാസിലെയും കുട്ടികൾ ലോകോത്തര നിലവാരത്തിലുള്ള മികവാർന്ന പഠന ശേഷികളും ധാരണകളും നേടുന്നുണ്ട് എന്ന്ഉറപ്പാക്കൽ .

- മനുഷ്യനെപ്പോലെ തന്നെ സർവ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഭൂമിയിലെ ജീവിതമെന്നും വരുംതലമുറയ്ക്ക് കൈമാറുന്നതിനായി പരിസ്ഥിതിയെ തികഞ്ഞ അവബോധത്തോടെ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയും കുട്ടിക്ക് ഒരു സുസ്ഥിര വികസന കാഴ്ചപ്പാട് പ്രാപ്തമാക്കൽ.

## ലക്ഷ്യങ്ങൾ

- കേരളത്തിന്റെ മാത്രം പ്രത്യേകതയാണ് മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം. അതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥി -വിദ്യാർത്ഥിനികൾക്കും സൗജന്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതോടൊപ്പം സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നു.

- ഭൗതിക മികവിനോടൊപ്പം തന്നെ അക്കാദമിക മികവുകളും ആർജിക്കുന്നതിന്റെ ഭാഗമായി ഹ്രസ്വകാല ദീർഘകാലാടിസ്ഥാനത്തിൽ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

- പ്രീപ്രൈമറി മുതൽ പന്ത്രണ്ടാംക്ലാസ്സുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃത മായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്തുവാനും വികസിപ്പിക്കുവാനും ആവശ്യമായ രീതിയിൽ അധ്യാപനവും അധ്യയനവും രസകരമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളുടെ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- "വിദ്യകൊണ്ട് പ്രബുദ്ധരാവുക സംഘടനകൊണ്ട് ശക്തരാകുക" എന്ന ഗുരുദേവ വചനങ്ങളോടൊപ്പം "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും "വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരികപ്രവർത്തനമാണ്" എന്ന പൗലോഫ്രെയരുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.
- പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ഓരോ ക്ലാസിലെയും കുട്ടികൾ ലോകോത്തര നിലവാരത്തിലുള്ള മികവാർന്ന പഠന ശേഷികളും ധാരണകളും നേടുന്നുണ്ട് എന്ന്ഉറപ്പാക്കൽ .
- മനുഷ്യനെപ്പോലെ തന്നെ സർവ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഭൂമിയിലെ ജീവിതമെന്നും വരുംതലമുറയ്ക്ക് കൈമാറുന്നതിനായി പരിസ്ഥിതിയെ തികഞ്ഞ അവബോധത്തോടെ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയും കുട്ടിക്ക് ഒരു സുസ്ഥിര വികസന കാഴ്ചപ്പാട് പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

- S R G യോഗത്തിൽ "ശ്രീ.ടി.കെ.എം.എം.യു.പി.സ്കൂൾ വിഷൻ 2030" എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- വികസനാവിശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം - സാമൂഹികം എന്നിങ്ങനെ തരം തിരിച്ചു കരടുരൂപരേഖ തയ്യാറാക്കൽ.
- കരടുരൂപരേഖ S R G , P T A , MPTA ,OSA, SDC സ്കൂൾ മാനേജ്മെന്റ്, ജനപ്രതിനിധികൾ, രാഷ്ട്രീയസംഘടനാപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടി ചേർക്കൽ.
- ഹ്രസ്വകാല - ദീർഘകാല പദ്ധതികൾ ചിട്ടപ്പെടുത്തൽ.
- മാനേജ്മെന്റ്,PTA നേതൃത്വത്തിൽ ക്രോഡികൃതപദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥ വിശകലനം

(a) ഭൗതികം - നേട്ടങ്ങൾ

- "ഒന്നാം ക്ലാസ് ഒന്നാംതരം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തനം ആരംഭിച്ചു. അതിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ്റൂം" തയ്യാറാക്കി.
- പ്രീ പ്രൈമറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു.
- MLA യുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് പുതിയ പാചകപ്പുര നിർമ്മിച്ചു.
- നഗരസഭയുടെ വികസനഫണ്ട് ഉപയോഗിച്ച് ടോയ്‌ലറ്റ് ബ്ലോക്ക് നിർമിച്ചു.

(b) ഭൗതികം - പരിമിതികൾ

- ക്ലാസ്സ്മുറികൾ പലതും ഭിത്തി കെട്ടി വേർതിരിക്കേണ്ടതുണ്ട്. ഒപ്പം ഹൈടെക് ക്ലാസ്സുകളാക്കി മാറ്റേണ്ടതുണ്ട്.
- അസംബ്ലിഹാൾ, സ്റ്റാഫ്റൂം, മെസ്സ്ഹാൾ,ലാബ്,ലൈബ്രറി, റീഡിങ്റൂം തുടങ്ങിയവയ്ക്കു മതിയായ സൗകര്യങ്ങൾ ഇല്ല.
- സ്കൂളിന് സ്വന്തമായി വാഹനമില്ല.
- വാഹന ഷെഡ് വലുതാക്കി നിർമ്മിക്കേണ്ടതുണ്ട്.
- ഓപ്പൺഎയർസ്റ്റേജ്, ആകർഷകമായപ്രവേശനകവാടം, പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക്, കളിസ്ഥലം, എന്നിവ നിർമിക്കേണ്ടതുണ്ട്.
- മഴവെള്ളസംഭരണി, മാലിന്യസംസ്കരണപ്ലാന്റ് എന്നിവയുടെ നിർമ്മാണവും അത്യന്താപേക്ഷിതമാണ്.

(a) അക്കാദമികം- നേട്ടങ്ങൾ

- പാഠ്യ - പാഠ്യേതര വിഷയങ്ങളിൽ കുട്ടികൾ അഭിമാനാർഹമായ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സബ് ജില്ലാ മത്സരങ്ങളിൽ,അറബി സംസ്കൃത വിഭാഗങ്ങളിൽ പലതവണ ഓവറോൾ ചാമ്പിയൻഷിപ് കരസ്ഥമാക്കി. ശാസ്ത്ര ഗണിതശാസ്ത്രപ്രവർത്തി പരിചയ മേളകളിലും ഉപജില്ലാ, ജില്ലാതല കായിക മത്സരങ്ങളിലും പങ്കെടുത്തു സ്കൂളിന്റെ അഭിമാനതാരങ്ങളായ കുട്ടികൾ നിരവധിയാണ്. കൂടാതെ പ്രവർത്തിപരിചയമേളകളിൽ സംസ്ഥാനതലത്തിൽവരെ മത്സരിച്ചു വിജയികളായ വരുമുണ്ട്.

- വിവിധ സ്കോളർഷിപ്പുകൾ, ക്വിസ് മത്സരങ്ങൾ എന്നിവയിൽ പങ്കെടുത്തു ഉജ്ജ്വല വിജയംനേടിയ മിടുക്കരായ കുട്ടികൾ ഏറെയാണ്. പുന്നപ്ര- വയലാർ വാരാഘോഷവുമായി ബന്ധപ്പെട്ടു മത്സരങ്ങളിലും വിവിധ ലൈബ്രറികളുടെ (പറവൂർ പബ്ലിക് ലൈബ്രറി, ഉദയറീഡിങ് റൂം മുതലായവ) വാർഷികാഘോഷ പരിപാടികളിലും സ്കൂളിലെ വിദ്യാർത്ഥികൾ നിരവധി സമ്മാനങ്ങൾ നേടുകയും, ഹാട്രിക് വിജയത്തിന് ഉടമകളാവുകയും ചെയ്തിട്ടുണ്ട്.

(b) അക്കാദമികം- പരിമിതികൾ

- വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർധിക്കുവാനുണ്ടു. ഭാഷ ശേഷി വികസനത്തിനായി ശ്രദ്ധ , മലയാള തിളക്കംപ്രവർത്തനങ്ങൾ ഇനിയും കൂടുതലായി നൽകേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം ലാബ് ആധുനികവൽക്കരണം, ക്ലാസ് ലൈബ്രറി ക്രമീകരണം , കല കായിക പഠനത്തിനായി അധ്യാപകക്രമീകരണം , ഹൈടെക് ക്ലാസ് മുറികളുടെ നിർമാണം എന്നിവ പൂർത്തികരിക്കേണ്ടതായിട്ടുണ്ട്. "അക്കാദമിക മികവാണ് വിദ്യാലയ മികവ്" എന്ന കാഴ്ചപ്പാട് നിലനിർത്തുന്നതിന് ആവശ്യമായ വിവിധങ്ങളായ സ്വപ്നപദ്ധതികൾ പൂർണതയിൽ എത്തിക്കേണ്ടതായുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ○ ഭാഷാശേഷി വികസനം<br>○ ഇംഗ്ലീഷ് ഭാഷണ പരിപോഷണം<br>○ ഗണിത - ശാസ്ത്ര പരിപോഷണം വായന പരിപോഷണം<br>○ ലൈബ്രറി ശാക്തീകരണം<br>○ ലബോറട്ടറി നവീകരണം<br>○ ഐ. ടി. പരിശീലനം<br>○ ഒന്നാംക്ലാസ്, സ്മാർട്ട് ക്ലാസ്<br>○ ഭാഷാ, ഗണിതലാബ് നവീകരണം<br>○ ജൈവ വൈവിധ്യ പാർക്ക്<br>○ പഠനയാത്രകൾ<br>○ സെമിനാറുകൾ<br>○ ദിനാചരണങ്ങൾ<br>○ അഭിമുഖങ്ങൾ<br>○ ശില്പശാലകൾ<br>○ പച്ചക്കറിത്തോട്ട നിർമ്മാണം<br>○ സ്കൂൾപത്രം/ മാസിക<br>○ കലാകായികമേള<br>പ്രവർത്തിപരിചയമേള<br>○ നാടകകളരി<br>○ യോഗാക്ലാസ്സുകൾ<br>○ കായികപഠനം<br>○ മെഡിക്കൽ ക്യാമ്പുകൾ | ○ ആകർഷകമായ സ്കൂൾ കെട്ടിടങ്ങൾ<br>○ ചുറ്റുമതിൽ,ഗേറ്റ്,പൂന്തോട്ടം<br>○ അസംബ്ലി ഹാൾ, ഹൈടെക് ക്ലാസ് മുറികൾ, ഓഫീസ്മുറി<br>○ സ്റ്റാഫ് മുറി<br>○ വിശ്രമമുറി<br>○ കമ്പ്യൂട്ടർ ലാബ്<br>○ മൾട്ടിമീഡിയ കം ലൈബ്രറി,ലാബ്,<br>○ അടുക്കള<br>○ ഡൈനിംഗ്ഹാൾ<br>○ മഴവെള്ള സംഭരണി<br>○ കുടിവെള്ള സ്രോതസ്സുകൾ<br>○ ടോയ്ലറ്റുകൾ<br>○ ഗേൾഫ്രണ്ട്ലിടോയ്ലറ്റ്<br>○ ബയോഗ്യാസ് പ്ലാന്റ്<br>○ ജന്മദിനത്തിൽ ഒരു പുസ്തകം-പൂച്ചട്ടി<br>○ എന്റെ കൃഷിത്തോട്ടം.<br>○ സ്കൂളിലും-വീട്ടിലും<br>○ ഭാഷോത്സവം<br>○ ഗണിതോത്സവം<br>○ ശാസ്ത്രോത്സവം<br>○ ഇംഗ്ലീഷ് കാർണിവൽ<br>○ മെട്രിക് മേള<br>○ ഭക്ഷ്യമേള | ○ PTA ശക്തിപ്പെടുത്തൽ.<br>○ MPTA ശക്തിപ്പെടുത്തൽ.<br>○ വിദ്യാലയവികസന സമിതി<br>○ പൂർവ വിദ്യാർത്ഥി സംഘടന രൂപീകരണം<br>○ പൂർവഅദ്ധ്യാപകസംഘടന രൂപീകരണം.<br>○ ക്ലാസ് PTA ബോധവത്കരണവും ശാക്തീകരണവും.<br>○ വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ.<br>○ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>○ പ്രീ- പ്രൈമറി ശാക്തീകരണം<br>○ ഭവന സന്ദർശനം<br>○ കോർണർ PTA<br>○ വിദ്യാലയ വിഭവങ്ങൾ പൊതു സമൂഹത്തിനു പ്രയോജനപ്പെടുത്തൽ,<br>○ പഠനക്കൂട്ടംഅമ്മമാർക്ക്,<br>○ കമ്പ്യൂട്ടർ പരിശീലനം അമ്മമാർക്ക്. |

| | | |
|---|---|---|
| ◦ ശാസ്ത്ര അഭിരുചി വളർത്തൽ<br>◦ സാഹിത്യ രചന ശില്പശാലകൾ<br>◦ പ്രവർത്തി പരിചയ പഠനം<br>◦ പാവനാടകപരിശീലനം<br>◦ ഒറിഗാമി പരിശീലനം<br>◦ പോഷകാഹാര പരിപാടി<br>◦ SRG ശാക്തീകരണം<br>◦ ക്ലാസ് PTA ശാക്തീകരണം<br>◦ CE. മൂല്യനിർണയം നിരന്തരവിലയിരുത്തൽ<br>◦ ബ്ലോഗ് | | |

പ്രവർത്തനം : 1

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

മേഖല : ഭാഷാശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്. ഐ. റ്റി. സി | |

പ്രവർത്തനം : 2

പേര് : സർഗ്ഗസല്ലാപം

മേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ. അവരുടെ അനുഭവങ്ങൾ കുട്ടിളുമായ് പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | HM & PPA | 3000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 3

പേര് : ഗ്രന്ഥശാലാശാക്തീകരണം

മേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്കു കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ചു ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണരജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | HM & പി ടി എ ലൈബ്രേറിയൻ വിദ്യാരംഗം ക്ലബ് | 2000/- രൂപ സ്പോൺസർഷിപ്പ് |

പ്രവർത്തനം : 4

പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് / കവിയരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ , രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കൽ, ക്ലാസ്സുമുറിയിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉല്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 5

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റൽ | പ്രശസ്തമായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | O.S.A | 10000/- O.S.A |

പ്രവർത്തനം : 6

പേര് : പാവനാടക പരിശീലനം

മേഖല : സർഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അവതരണവും | വർഷത്തിൽ ഒരു തവണ | എസ് ആർ ജി | 5000/- |

പ്രവർത്തനം : 7

പേര് : ദിനാചരണങ്ങൾ

മേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായ് ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

പ്രവർത്തനം : 8

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനുംഎഴുതാനും സംസാരിക്കാനുമുള്ള ശേഷി | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ 1ദിവസം | ക്ലാസ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കുക | അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകുന്നു | | | |

പ്രവർത്തനം : 9

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം : 10

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ ടേമിലും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ചു ബുള്ളറ്റിൻ തയ്യാറാക്കുക. 1st term – ഓണം 2nd term – ശുചിത്വം 3rd term - വായന | മൂന്ന് മാസം കൂടുമ്പോൾ | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | 2000/- പരസ്യത്തിൽ നിന്ന് |

പ്രവർത്തനം : 11
പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരു ദിവസം ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ ചെയ്യണം | 1 ദിവസം | P T A, H M, English Teacher | 2000/- P T A |

പ്രവർത്തനം : 12
പേര് : ഇംഗ്ലീഷിൽ കത്തെഴുതൽ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരുമാസത്തെ പ്രവർത്തനങ്ങൾ മറ്റൊരു സ്കൂളിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവെക്കൽ | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 13
പേര് : ഗ്രാമർ സ്കൂൾ
മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിനു പ്രാധാന്യം | പ്രതിവർഷം പത്തു ക്ലാസ് | ക്ലാസ് ടീച്ചർ | 5000/- പൂർവ വിദ്യാർത്ഥി സംഘടന |

| | | | | |
|---|---|---|---|---|
| | നൽകിയിട്ടുള്ള ക്ലാസുകൾ | | | |

പ്രവർത്തനം : 14

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമിക്കുന്ന കുട്ടികൾക്കു ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം : 15

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കാനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം : 16

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലകളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലിഷ് പദപ്രശ്നം നിർമിക്കുന്നു. കുട്ടികൾക്കു ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസങ്ങൾ നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലിഷ് ക്ലബ്ബ് | |

പ്രവർത്തനം : 17

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S R G | 1000/- |

പ്രവർത്തനം : 18

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ചു ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ് SRG | |

പ്രവർത്തനം : 19

പേര് : ഗണിതപാർക്ക്

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്തു പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- |

പ്രവർത്തനം : 20

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ചു സജ്ജീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം : 21

പേര് : ശാസ്ത്രപോഷണ പരിപാടി

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രം ജന നന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ | മൂന്നുമാസത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 3000/- |

പ്രവർത്തനം : 22

പേര് : ശാസ്ത്ര യാത്രകൾ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 1 | സയൻസ് ക്ലബ്ബ് PTA | 5000/- PTA |

പ്രവർത്തനം : 23

പേര് : മേളകൾ

മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് | 5000/- PTA |

| | | | | |
|---|---|---|---|---|
| | തലത്തിൽ പരമാവധി പങ്കാളിത്തം | | | |

പ്രവർത്തനം : 24

പേര് : ശാസ്ത്രമൂല

മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ശാസ്ത്ര മാസികകൾ , ശാസ്ത്ര ബുള്ളറ്റിനുകൾ എന്നിവയുടെ ശേഖരം ഒരുക്കൽ. ലഘു പരീക്ഷണങ്ങൾ ചെയ്തുനോക്കുന്നതിനുള്ള ലഭ്യമായ വസ്തുക്കൾ ശേഖരിക്കൽ സജ്ജീകരിക്കൽ | പ്രതിമാസ പരിപാടി | ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം : 25

പേര് : അഭിമുഖം

മേഖല : അക്കാദമികം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃഷിയോടുള്ള ആഭിമുഖ്യം സൃഷ്ടിക്കൽ , ശാസ്ത്രീയമായ കൃഷിരീതികൾ സ്വായത്തമാക്കൽ | വിവിധ കൃഷികൾ ചെയ്യുന്ന കർഷകരുമായി അഭിമുഖം നടത്തൽ. കൃഷി സ്ഥലങ്ങൾ സന്ദർശിക്കൽ | വർഷത്തിൽ മൂന്ന് | സയൻസ് ക്ലബ്ബ് | 5000/- PTA |

പ്രവർത്തനം : 26

പേര് : സാമൂഹ്യശാസ്ത്രലാബ്

മേഖല / ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾപരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്കു കൂടുതൽ പുസ്തകങ്ങൾ ഭാവന സന്ദർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗീകരിച്ചു ക്രമീകരിക്കൽ,കാറ്റലോഗ് , വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ . | വർഷത്തിൽ രണ്ടു തവണ | HM PTA SRG കൺവീനർ വിദ്യാരംഗം കൺവീനർ | 3000/- സ്പോൺസർഷിപ് |

പ്രവർത്തനം : 27

പേര് : പഠനയാത്രകൾ

മേഖല / ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്ന് വീതം | SRG | 20,000/- സ്പോൺസർഷിപ് |

പ്രവർത്തനം : 28

പേര് : ഡിബേറ്റ് ക്ലബ്

മേഖല / ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ കുറിച്ചു സംവാദം നടത്തി നിഗമനങ്ങൾ | സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയങ്ങളെ കുറിച്ചു | മാസത്തിൽ ഒന്ന് വീതം | SRG | 10,000/- SDC |

| | | | | |
|---|---|---|---|---|
| രൂപീകരിക്കുക | സംവാദം,സെമിനാർ, ഡിബേറ്റ്, പ്രഭാക്ഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | | | |

പ്രവർത്തനം : 29

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല / ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രഅറിവുകളെ അപ്ഡേറ്റ് ചെയ്യൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്തു ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവൃത്തി ദിനങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ് | 1000/- PTA |

പ്രവർത്തനം : 30

പേര് : സാമൂഹ്യശാസ്ത്രലൈബ്രറികോർണർ

മേഖല / ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്കു പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ,അറ്റ്ലസ്സുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായനാ കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു തവണ | സാമൂഹ്യശാസ്ത്ര ക്ലബ് | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 31

പേര് : രാഷ്ട്ര ഭാഷ,ശ്രേഷ്ഠഭാഷ

മേഖല / ഉപമേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമതമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം , ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ് | 5000/- SSG |

പ്രവർത്തനം : 32

പേര് : ദേവഭാഷാസംസ്കൃതം

മേഖല / ഉപമേഖല : അക്കാദമികം/ സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംസ്കൃതം പഠനംകാര്യക്ഷമമാക്കൽ | സംസ്കൃതത്തിൽ വിവിധ പദാവലികൾ നിർമ്മിക്കൽ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം , സംസ്കൃതം ബുള്ളറ്റിൻ പ്രസിദ്ധീകരണം, മാഗസിൻ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് വീതം | സംസ്കൃതം ക്ലബ് | 3000/- SSG |

പ്രവർത്തനം : 33

പേര് :

മേഖല / ഉപമേഖല : അക്കാദമികം/ അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി പഠനം കാര്യക്ഷമതമാക്കൽ | അറബിയിൽ വിവിധ പദാവലികൾ നിർമ്മിക്കൽ പതിപ്പു തയ്യാറാക്കൽ നാടകീകരണം, അറബി ബുള്ളറ്റിൻ,മാഗസിൻ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് വീതം | അറബി ക്ലബ് | 3000/- SSG |

പ്രവർത്തനം : 34

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്തു ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>SSG | 5000/- കൃഷിവകുപ്പ് |

പ്രവർത്തനം : 35

പേര് : ജൈവവൈവിധ്യപാർക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്തു ജൈവവൈവിധ്യപാർക് നിർമിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG | 25000/- (S.S.A) |

പ്രവർത്തനം : 36

പേര് : എംബ്ലപുരാണം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ,വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവണ്മെന്റിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കുട്ടികൾ ശേഖരിച്ചു അവ പ്രതിനിധാനം ചെയ്യുന്നസ്ഥാപനം / പദ്ധതിയുടെ പ്രവർത്തനം എഴുതി തയാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | PTA<br>SSG | |

പ്രവർത്തനം : 37

പേര് : ശാസ്ത്ര മാജിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു അവയുടെ പ്രവർത്തനം ചിത്ര സഹിതം നോട്ട്ബുക്കിൽ വരച്ചു വിവരിക്കുന്നു. | മാസത്തിൽ ഒന്ന് വീതം | SRG | |

പ്രവർത്തനം : 38

പേര് : കായിക പരിശീലനം

മേഖല : അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകൽ | ആഴ്ചയിൽ മൂന്നു വീതം | PTA കായികാധ്യാപകൻ | 10000/- സ്പോൺസർഷിപ് |

പ്രവർത്തനം : 39

പേര് : ക്ലാസ് PTA സജീവമാക്കൽ

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് PTA പ്രതിമാസം കൃത്യമായി ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 40

പേര് : പോഷകാഹാരപരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വിത്യസ്ത മെനുവെച്ചു പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | HM<br>PTA<br>MPT | SRഫണ്ട് |

പ്രവർത്തനം : 41

പേര് : ജന്മദിനത്തിനൊരുപുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സ്ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ്ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം സ്കൂൾ ഗ്രന്ഥശാലയിലേക്കു സംഭവനനല്കൽ കുടുംബാംഗങ്ങളെയും പങ്കാളികളാക്കൽ | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ്ടീച്ചർ ക്ലാസ് ലീഡർ | |

പ്രവർത്തനം : 42

പേര് : 100കവികൾ 100കവിതകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്കു ലഭിച്ച കവിയുടെ ജീവചരിത്രകുറിപ്പും, കവിതകളും തയാറാക്കുന്നു. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | വർഷത്തിൽ ഒരു തവണ | SRG | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 43

പേര് : മെഡിക്കൽക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒരു തവണ | HM PTA | 10000/- സ്പോൺസർഷിപ് |

പ്രവർത്തനം : 44

പേര് : പ്രീപ്രൈമറി-ലാബ് -ലൈബ്രറി - കമ്പ്യൂട്ടർലാബ് - ആഡിറ്റോറിയസമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രീപ്രൈമറിവിദ്യാഭ്യാസ സൗകര്യം വർധിപ്പിക്കൽ ലാബ് -ലൈബ്രറി - കംപ്യൂട്ടർലാബ് നവീകരണം | അത്യന്താധുനികവും ആകർഷകവുമായ രീതിയിൽ പ്രീപ്രൈമറി ലാബ് - ലൈബ്രറി - കംപ്യൂട്ടർലാബ് മന്ദിരസമുച്ചയം നിർമിക്കൽ, ഒപ്പം മുകളിൽആഡിറ്റോറിയം. | രണ്ടു വർഷം | PTA LSGD | 1കോടി നബാർഡ് |

പ്രവർത്തനം : 45

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യകായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്തു കിഡ്സ് പാർക്ക് നിർമാണം | രണ്ടു വർഷം | PTA LSGD | 65 ലക്ഷം MLA ഫണ്ട് |

പ്രവർത്തനം : 46
പേര് : അസംബ്ലി ഹാൾ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം. | രണ്ടു വർഷം | PTA LSGD | 10ലക്ഷം MP ഫണ്ട് |

പ്രവർത്തനം : 47
പേര് : ഡൈനിങ്ങ്ഹാൾ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം,ആരോഗ്യം പഠനം | സൗകര്യ പ്രദമായ സ്ഥലത്തു ആകർഷകമായ രീതിയിൽ ഡൈനിങ്ങ് ഹാൾ നിർമിക്കൽ | രണ്ടു വർഷം | PTA LSGD | 5 ലക്ഷം MP ഫണ്ട് |

പ്രവർത്തനം : 48
പേര് : കുടിവെള്ള വിതരണം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആവിശ്യത്തിനുള്ള ശുദ്ധജലം ലഭ്യമാക്കൽ | ശുദ്ധജല ടാങ്ക് നിർമാണം, RO പ്ലാന്റ് കിണർ വൃത്തിയാക്കൽ, മഴവെള്ള സംഭരണി നിർമാണം | 6 മാസം | PTA | 25000/- ജില്ലാ പഞ്ചായത്ത് |

പ്രവർത്തനം : 49
പേര് : മാലിന്യസംസ്ക്കരണം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും, അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | ഒരു വർഷം | SSG | 1ലക്ഷം ജില്ലാപഞ്ചായത്ത |

പ്രവർത്തനം : 50
പേര് : ബയോഗ്യാസ് പ്ലാന്റ്
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവ മാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ചു പാചകത്തിനാവിശ്യമുള്ള ഊർജം കണ്ടെത്തൽ | 6 മാസം | ഉച്ചഭക്ഷണ കമ്മറ്റി | 2ലക്ഷം തനെർട് |

പ്രവർത്തനം : 51
പേര് : സൗരോർജപാനൽ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജസ്രോതസുകളെ ഉപയോഗപെടുത്തൽ | ഓഡിറ്റോറിയത്തിന് മുകളിൽ സൗരോർജപാനൽസ്ഥാപിച്ചു വിവിധ ആവിശ്യങ്ങൾക്കു വൈദുതി ലഭ്യമാക്കൽ | 3 വർഷം | HM PTA | 10ലക്ഷം SR ഫണ്ട് |

പ്രവർത്തനം :
പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിം ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, അറ്റന്റൻസ് രജിസ്റ്റർ, സ്കോളർഷിപ് രജിസ്റ്ററുകൾ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കൽ | 2 വർഷം | HM ഓഫീസ് അറ്റന്റന്റ് SRS കൺവീനർ | 5 ലക്ഷം SR ഫണ്ട് |

പ്രവർത്തനം :

പേര് : യോഗപരിശീലനകേന്ദ്രം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസും കുട്ടികൾക്ക് പ്രധാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി യോഗ പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങളോടെ സജ്ജീകരിക്കൽ | ആഴ്ചയിൽ 2 വീതം | PTA | 2 ലക്ഷം MP ഫണ്ട് |

പ്രവർത്തനം :

പേര് : മൈതാന നിർമാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിനു മികച്ച സൗകര്യമൊരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | 2 വർഷം | PTA LSGD | 75 ലക്ഷംജില്ലാ പഞ്ചായത്ത് |

പ്രവർത്തനം :

പേര് : പഠനകൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ വിവിധ മേഖലകളായി തിരിച്ചു പഠന കൂട്ടങ്ങൾ രൂപികരിക്കൽഓരോ ടേമിലും ഒന്ന് വീതം വിവിധ മികവുകളുടെ അവതരണം, രക്ഷിതാക്കൾക്ക് | ഓരോ ടേമിലും ഒന്നുവീതം മികവുകളുടെ അവതരണം ആഴ്ചയിൽ ഒരു ദിവസം | SRG PTA SSG | 5000/- സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ബോധവൽക്കരണ ക്ലാസുകൾ ക്വിസ് മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പഠനക്കൂട്ടം | | |

പ്രവർത്തനം :

പേര് : അംഗൻവാടികലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ നവാഗതർക്ക് വിദ്യാലയത്തെ പരിചയപ്പെടുത്തൽ | വിദ്യാലയത്തിന്റെ ചുറ്റുവട്ടമുള്ള അംഗൻവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കലോത്സവം സംഘടിപ്പിക്കൽ, വിരുന്നൊരുക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | PTA | 10,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം :

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറു സംഘം, വായനയുടെ പ്രാധാന്യം സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ചു വ്യക്തമാക്കുന്നു. ഒപ്പം പുസ്തക സമാഹരണവും നടത്തുന്നു. | വർഷത്തിൽ ഒരു തവണ | PTA<br>SRG<br>MPTA | |

പ്രവർത്തനം :

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്ക്വെയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക മികവുകൾ, പ്രവർത്തനങ്ങൾ എന്നിവ കലണ്ടർ രൂപത്തിൽ അച്ചടിച്ചു രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും വിതരണം ചെയ്യൽ. | വർഷത്തിൽ ഒരു തവണ | PTA SRG | 10000/- പരസ്യം |

പ്രവർത്തനം :

പേര് : കാരണവകൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | . വിദ്യാലയ പരിസരത്തു താമസിക്കുന്ന വയോധികരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിച്ചു ആദരിക്കൽ , ആശയ വിനിമയങ്ങൾ നടത്തൽ, അനുഭവങ്ങൾ പങ്ക്വെയ്ക്കൽ | വർഷത്തിൽ ഒരു തവണ | OSA SRG | |

പ്രവർത്തനം :

പേര് : പൂർവവിദ്യാർഥിസംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വവിദ്യാർഥിസംഗമം വിളിച്ചു ചേർക്കൽ, അവർക്കു മുന്നിൽ വിദ്യാലയത്തിന്റെ | വർഷത്തിൽ ഒരു തവണ | OSA SRG | 5000/- OSA |

| | | | | |
|---|---|---|---|---|
| | ആവശ്യങ്ങൾ അവതരിപ്പിക്കൽ/ ഫണ്ട് സമാഹരിക്കൽ | | | |

പ്രവർത്തനം :
പേര് : പൂർവാദ്ധ്യാപകസംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവാദ്ധ്യാപകരെ വിളിച്ചു ചേർത്തു ആദരിക്കൽ സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10000/- സ്റ്റാഫ് ഫണ്ട് |

പ്രവർത്തനം :
പേര് : പ്രാദേശികയോഗങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ചു രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്തു യോഗങ്ങൾ ചേരൽ. | വർഷത്തിൽ 2 തവണ | SSG SRG | 10000/- PTA |

പ്രവർത്തനം :
പേര് : രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ /അവധി ദിവസങ്ങളിൽ അമ്മമാർക്കായി കമ്പ്യൂട്ടർ പരിശീലനം നൽകൽ | ആഴ്ചയിൽ രണ്ടു ദിവസം | H.M SITC IT@SCHOOL | |

X. മോണിട്ടറിങ് രീതി

- ഉദ്യോഗ തലത്തിലുള്ള മോണിട്ടറിങ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- ദൈനംദിന മോണിട്ടറിങ് പ്രഥമാധ്യാപിക/ സീനിയർ ടീച്ചർ /SRG കൺവീനർ /PTA പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു.
- സോഷ്യൽ മോണിട്ടറിങ് രീതി.(PTA, MPTA, SSG,OSA)